

FRIDAY 17/04/2026 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/04/2026

1. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഈ മാസം 22,23,24 തീയതികളിൽ ഇടുക്കി ജില്ലയിലെ കർഷകരുടെ അപേക്ഷ സംബന്ധിച്ച സിറ്റിംഗ് നടത്തുന്നതാണ്. ചെറുതോണി ജില്ലാ വ്യാപാരഭവനിൽ രാവിലെ 9ന് ആരംഭിക്കുന്ന സിറ്റിംഗിൽ ചെയർപേഴ്സൺ കെ അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. സിറ്റിംഗിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗ് നോട്ടീസ് ലഭിച്ചവർ മതിയായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണമെന്ന് കമ്മീഷൻ സെക്രട്ടറി ഇൻ ചാർജ് അറിയിച്ചു.

2. കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെൻറർ കഴക്കൂട്ടത്ത് 20 രൂപ നിരക്കിൽ നേന്ത്രൻ, മഞ്ചേരി നേന്ത്രൻ, യങ്കാമ്പി ടിഷ്യു കൾച്ചർ വാഴ തൈകൾ ലഭ്യമാണ്. വാഴ തൈകൾക്കായി 9383470292 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ മനുരത്ന, മനുവർണ്ണ നെൽവിത്തുകൾ. മാവിന്റെ 21 ഇനങ്ങളുടെ തൈകൾ, അഞ്ചിനം പ്ലാവിന്റെ തൈകൾ. മോഹിത് നഗർ ഇനം കവുങ്ങ്, കേരശ്രീ തെങ്ങിൻതൈ, പേരയ്ക്ക ഇനങ്ങൾ. നാലിനം ചാമ്പ ലെയർ, നാരകം സപ്പോട്ട ഗ്രാഫ്റ്റ്, കുരുമുളക് ലെയർ തൈകൾ, റമ്പൂട്ടാൻ ബഡ്, വേപ്പ്, കറിവേപ്പില, സീതപ്പഴം, നിലക്കടല എന്നിവയുടെ തൈകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.), റബ്ബറിനെ ബാധിക്കുന്ന ഇലരോഗങ്ങളുടെ നിയന്ത്രണത്തിനായി ഡ്രോൺ ഉപയോഗിച്ച് മരുന്നുതളി നടത്തുന്നതിനെക്കുറിച്ച് ഏപ്രിൽ 22-ന് രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238092175 എന്ന നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## കാർഷിക നിർദേശം

5. വേനൽമഴ നന്നായി കിട്ടിയ സ്ഥലങ്ങളിൽ തെങ്ങിൻ തൈ നടാൻ പറ്റിയ സമയമാണ്. തവാരണകളിൽ തയ്യാറാക്കിയ തൈകളെ തിരഞ്ഞെടുക്കുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. 9 മുതൽ 12 മാസംവരെ പ്രായമായ നല്ല ആരോഗ്യമുള്ളതും രോഗബാധ ഇല്ലാത്തതുമായ തൈകളാണ് തിരഞ്ഞെടുക്കേണ്ടത്. ഒൻപത് മാസം പ്രായമായ തെങ്ങിൻ തൈകളിൽ ചുരുങ്ങിയത് 4 ഓലകളെങ്കിലും ഉണ്ടായിരിക്കണം. നേരത്തെ മുളച്ചതും നേരത്തെ ഓലക്കാൽ വിരിഞ്ഞതുമായ തൈകൾ വേണം നടാൻ തിരഞ്ഞെടുക്കേണ്ടത്. ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ വേണം എടുക്കാൻ. മൂന്നിലൊന്ന് ആഴത്തിൽ വളക്കൂറുള്ള മേൽമണ്ണ്കൊണ്ട് കുന കൂട്ടിയതിന് ശേഷം കുനയുടെ നടുവിൽ കുഴിയെടുത്ത് തൈകൾ നടാം. നടുമ്പോൾ തൊണ്ടു മാത്രം മണ്ണിനടിയിൽ ആയാൽ മതി. കുഴിക്കുചുറ്റും മണ്ണിട്ടുകൂട്ടി വരമ്പ് ഉറപ്പിക്കുകയാണെങ്കിൽ ഒഴുക്കുവെള്ളം കുഴിയിൽ ഇറങ്ങാതിരിക്കും. കുഴിയിൽ വരുന്ന പെയ്ത്തുവെള്ളം താനെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വലിഞ്ഞുകൊള്ളും. ഒഴുക്കുവെള്ളം കുഴിയിൽ ഇറങ്ങാൻ ഇടയായാൽ കുഴി ഭാഗികമായി മൂടിപ്പോകുകയും വെള്ളംകെട്ടി നിന്ന് തൈകൾ നശിച്ചു പോകുകയും ചെയ്യും. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുന്നതു വഴി കൂമ്പു ചീയൽ, ഓലചീയൽ, മഹാളി എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.

6. നീർവാർച്ചയുള്ള മണ്ണിൽ കമുകിൻ തൈകളും ഇപ്പോൾ നടാം. ഉയരം കുറവും 5 മുതൽ 6 ഇലകളുമുള്ളവയാണ് ലക്ഷണമൊത്ത തൈകൾ. ശക്തിയായ വെയിലിൽ നിന്നും സംരക്ഷിക്കുന്നതിനായി തണൽ മരങ്ങൾവെച്ച് പിടിപ്പിക്കണം. ആദ്യത്തെ 4 മുതൽ 5 വർഷം വരെ തണലിനായി വരികൾക്കിടയിൽ വാഴ നടാവുന്നതാണ്. കമുകിൻ തോട്ടത്തിൽ കളകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കണം. വെള്ളംവാർന്നു പോകുന്നതിന് ചാലുകൾ വൃത്തിയാക്കണം.

7. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കമുകിന് കുമ്മായം ഇടണം. കുമ്മായം ഒരു മരത്തിന് 500 ഗ്രാം എന്ന തോതിൽ ചേർത്തുകൊടുക്കണം. മണൽ പ്രദേശങ്ങളിൽ വേരുതീനിപ്പുഴുക്കളുടെ

ff



ശല്യം കാര്യമായി ഉണ്ടാകുകയാണെങ്കിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുത്താൽ മതിയാകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം